"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - 'ഔഷധി'-യിൽ നിന്നും മരുന്നുകളും, മറ്റ് അസംസ്കൃത മരുന്നുകളും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 -ൽ ഇളവ് അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.18/2026/PPAD തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:- 1. 25/11/2024-ലെ സ.ഉ.(സാധാ) നം.133/2024/എസ്.പി.ഡി.

2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 23.10.2025-ലെ ജി2/1188/2025/ഡിഎഎംഇ നമ്പർ കത്ത്.

**ഉത്തരവ്**

'ഔഷധി' സ്വന്തം ഫാക്ടറികളിൽ നേരിട്ട് ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകളും, മറ്റ് അസംസ്കൃത മരുന്നുകളും പൊതുവിപണിയിലെ വില്പന നിരക്കിൽ നിന്നും 30% കുറഞ്ഞ വിലയിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 -ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനാൽ, ടി ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 'ഔഷധി' സ്വന്തം ഫാക്ടറികളിൽ നേരിട്ട് ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകളും, മറ്റ് അസംസ്കൃത മരുന്നുകളും പൊതുവിപണിയിലെ വില്പന നിരക്കിൽ നിന്നും 30% കുറഞ്ഞ വിലയിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 -ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ആരോഗ്യ ഭവൻ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻ) കേരള ലിമിറ്റഡ് (ഔഷധി), കുട്ടനെല്ലൂർ പി.ഒ, തൃശ്ശൂർ - 680 014.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ആയുഷ് (എ) വകുപ്പ് (U.O. (F). AYUSH-A3/224/2025-AYUSH പ്രകാരം ).

സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് പൊതുസംഭരണ ഉപദേശകകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം ( ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ